# ഗ്രാംഷി കത്തുകൾ

അന്റോണിയോ ഗ്രാംഷി



Gramsci Katthukal

Antonio Gramsci

(Malayalam: Letters)

© 1987 Vichinthanam, Perinjanam, Kerala

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Gramsci, a photograph by Unknown (2007). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

## അന്റോണിയോ ഗ്രാംഷി



തെക്കൻ ഇറ്റലിയിലെ വളരെ ദരിദ്രമായ ഒരു പ്രവിശ്യയിലായിരുന്നു ഗ്രാംഷി ജനിച്ചത്. ഗ്രാംഷി ഒരു സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത്, ഒരു ചെറിയ സർക്കാർ ഉദ്യോഗസ്ഥനായ പിതാവ് ഔദ്യോഗിക വീഴ്ചയുടെ പേരിൽ കുറ്റംചാർത്തപ്പെട്ട് ജയിലിലായി. അതോടെ ഗ്രാംഷിയുടെ വിദ്യാഭ്യാസം താൽക്കാലികമായി അവസാനിച്ചു. നാലുവർഷം കഴിഞ്ഞ് പിതാവ് ജയിൽ വിമുക്തനായതിനു ശേഷമാണ് അദ്ദേഹം വിദ്യാഭ്യാസം തുടർന്നത്. ജ്യേഷ്ഠൻ ഗൊണ്ണാറോയിൽ നിന്ന് സോഷ്യലിസ്റ്റ് രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ പഠിച്ചു. സർക്കാർ സ്കോളർഷിപ്പോടെ വടക്കൻ ഇറ്റലിയിലെ സമ്പന്ന നഗരമായ ടൂറിനിലെ സർവകലാശാലയിൽ സാഹിത്യ പഠനത്തിനായി ചേർന്നു. ബെനഡിറ്റൊ ക്രോചെ, മത്തിയോ ബർത്തോളി മുതലായ പ്രമുഖരായ അദ്ധ്യാപകരുടെ സ്വാധീനം ഭാഷാ-സാഹിത്യ വിദ്യാർത്ഥിയായിരുന്ന അദ്ദേഹത്തിനുമേലുണ്ടായി. എന്നാൽ ആശയവാദപരമായ അത്തരം സ്വാധീനതകളിൽ നിന്ന് സ്വയം വിമുക്തനായി അദ്ദേഹം മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയങ്ങളിലേക്ക് ചുവടുമാറി. ആശയപരമായി സോഷ്യലിസ്റ്റായി മാറിയ ഗ്രാംഷി മോസ്കോയിലേക്ക് കമ്മ്യൂണിസ്റ്റ് ഇന്റർ നാഷണലിന്റെ പ്രവർത്തകനായി പോയി. പിന്നീട് ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കുകയും 1924-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇറ്റാലിയൻ പാർലമെന്റിൽ പ്രതിപക്ഷ നേതാവായി പ്രവർത്തിച്ച കാലം സംഭവബഹുലമായിരുന്നു. ഫാഷിസത്തിനെതിരായ പോരാട്ടത്തിന്റെ ചരിത്രം ആരംഭിക്കുന്നത് അവിടെ നിന്നാണ്.



ഭാര്യയും മക്കളും

1928-ൽ ഫാഷിസ്റ്റ് സർക്കാർ അദ്ദേഹത്തെ 20 വർഷത്തേക്കു ജയിലിലടച്ചുകൊണ്ട് ഉത്തരവായി. ഗ്രാംഷിക്ക് വിവിധ രോഗങ്ങളും കൂടെപ്പിറപ്പായി ഉണ്ടായിരുന്നു. ജയിൽവാസം അദ്ദേഹത്തിന്റെ ആരോഗ്യത്തെ തീർത്തും തകർത്തുകളഞ്ഞു. ഫ്രഞ്ച് സാഹിത്യകാരൻ റൊമെയ്ൻ റൊളാങ്ങ്, കാന്റർബറി ആർച്ച് ബിഷപ്പ് എന്നിവർ അദ്ദേഹത്തെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും അവരുടെ അഭ്യർത്ഥനയെ ഫാഷിസ്റ്റുകൾ നിരാകരിച്ചു. അദ്ദേഹത്തെ ജയിൽ വിമുക്തനാക്കാൻ മുസോളിനി ഭയപ്പെട്ടു എന്നതാണ് സത്യം. രോഗം നിയന്ത്രണാതീതമായപ്പോൾ ഫാഷിസ്റ്റ് സർക്കാർ അദ്ദേഹത്തെ ക്ലിനിക്കിലേക്ക് മാറ്റി. 1937 ഏപ്രിൽ 21-നു അദ്ദേഹത്തെ ശിക്ഷാകാലാവധി പത്തുവർഷമായി വെട്ടിക്കുറച്ച് സ്വതന്ത്രനാക്കി. ഒരാഴ്ചക്കുള്ളിൽ അദ്ദേഹം മരണത്തിനു കീഴടങ്ങി. ജയിലിൽ കിടന്നു ഗ്രാംഷി എഴുതിയ ജയിൽക്കുറിപ്പുകളാണ് മരണാനന്തരം ലോക ശ്രദ്ധയിലേക്കു ഗ്രാംഷിയെ കൊണ്ടുവന്നത്. ജയിലിൽ ഗ്രാംഷിയുടെ സന്ദർശകയായിരുന്ന ഭാര്യാസഹോദരി താത്യാനയാണ് ജയിൽക്കുറിപ്പുകൾ പുറംലോകത്ത് എത്തിച്ചത്. മോസ്കോയിൽ താമസിച്ചിരുന്ന ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് നേതാവും കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ നേതാവുമായിരുന്ന തോഗ്ലിയാത്തിയാണ് താത്യാന അയച്ചു കൊടുത്ത ജയിൽക്കുറിപ്പുകൾ 1947 മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങിയത്. അതോടെ അതു ഫാഷിസ്റ്റ് വിരുദ്ധചിന്തകളുടെ കലവറയായി മാറി.

## ഗ്രാംഷിയുടെ കൃതികൾ

ജയിലിൽ നിന്നുള്ള കത്തുകൾ 1947-ൽ ഇറ്റലിയിൽ പ്രസിദ്ധീകരിച്ചു. 1957-ഓടെ ജയിൽക്കുറിപ്പുകളും മറ്റ് ലേഖനങ്ങളും ആറു വാല്യങ്ങളിലായി ഇറ്റാലിയൻ ഭാഷയിൽ പുറത്തുവന്നു. 'ദ മോഡേൺ പ്രിസൻ ആൻഡ് അദർ റൈറ്റിങ്സ്' എന്ന പേരിൽ ആദ്യത്തെ ഇംഗ്ലീഷ് വിവർത്തനം പുറത്തുവന്നു. പിന്നീട് ഗ്രാംഷിയുടെ ലേഖനങ്ങളെ വിഷയാധിഷ്ഠിതമായി തരംതിരിച്ചുള്ള പല ഇംഗ്ലീഷ് എഡിഷനുകളും പുറത്തു വന്നിട്ടുണ്ട്.

1. സെലക്ഷൻസ് ഫ്രം പ്രിസൻ നോട്ട് ബുക്സ്
2. സെലക്ഷൻസ് ഫ്രം പൊളിറ്റിക്കൽ റൈറ്റിങ്സ് 1910–1920
3. സെലക്ഷൻസ് ഫ്രം ദ കൾച്ചറൽ റൈറ്റിങ്സ്

എന്നിവ അവയിൽ ചിലതാണ്.

## ഗ്രാംഷിയുടെ താത്ത്വികസംഭാവനകൾ

രാഷ്ട്രീയസമൂഹം/പൗരസമൂഹം, പ്രത്യയ ശാസ്ത്രം, കീഴാളത, അധീശത്വം, ജൈവബുദ്ധിജീവി/പാരമ്പര്യബുദ്ധിജീവി, ഫാഷിസം എന്നിവയെപ്പറ്റിയുള്ള നൂതനമായ പരികല്പനകളാണ് ഗ്രാംഷി താത്ത്വികരംഗത്ത് നൽകിയിട്ടുള്ള സംഭാവനകളിൽ ചിലത്. പ്രായോഗിക പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗദർശകങ്ങളെന്ന നിലക്കാണ് ഗ്രാംഷി ഈ പരികല്പനകൾ കണക്കാക്കിയിരുന്നത്. വിപ്ലവം, പ്രതിവിപ്ലവം, വീണ്ടും വിപ്ലവം എന്നിങ്ങനെയാണ് വിപ്ലവപ്രവർത്തനങ്ങളുടെ ഗതിക്രമമെന്ന് ഗ്രാംഷി വിശ്വസിച്ചു. ഈ ധാരണ 1990-കൾക്കു ശേഷമുള്ള വിപ്ലവപാർട്ടികളുടെ നിലനില്പിനേയും തന്ത്രത്തേയും നിർണ്ണായകമായി സ്വാധീനിച്ചു. ദേശീയതയെ സംബന്ധിച്ച് ഗ്രാംഷി മുന്നോട്ടുവെച്ച പ്രാദേശികത/ദേശീയത/സാർവദേശീയത എന്നിവയുടെ സമന്വയത്തിലൂടെ രൂപപ്പെടുന്ന തൊഴിലാളി ദേശീയത എന്ന ആശയം ഇറ്റലിയെ ഭരിച്ചിരുന്ന മാക്യവെല്ലിയൻ ദേശീയതാസങ്കല്പത്തിന്റെ നിരാകരണമായിരുന്നു.

ദേശീയതയ്ക്കുടിയിൽ പ്രവർത്തിക്കുന്ന പ്രാദേശികതയുടെ പ്രശ്നങ്ങൾ ഇറ്റലിയുടെ തെക്കു-വടക്കൻ പ്രദേശങ്ങൾ തമ്മിലുള്ള ചരിത്രപരമായ ഭിന്നതകളിൽ നിന്ന് ഗ്രാംഷി തിരിച്ചറിഞ്ഞതാണ്. ഇറ്റലിയുടെ തെക്കൻ പ്രവിശ്യകളുടെ ചരിത്രപരമായ പിന്നോക്കാവസ്ഥ വിശകലനം ചെയ്തു ഗ്രാംഷി അരികുവൽക്കരണത്തിന്റെ യാഥാർത്ഥ്യങ്ങളെയാണ് താത്ത്വികമായി അഭിമുഖീകരിച്ചത്. ധൈഷണികരുടെ നിർമ്മിതിക്കായുള്ള വിദ്യാഭ്യാസം എന്ന ഗ്രാംഷിയൻ വിദ്യാഭ്യാസ സങ്കല്പം പിന്നീടു ദർശനത്തിന്റെ മൗലികമായ ഒരാദർശമായി മാറി.

(ഇതിൽ ഉപയോഗിച്ചിരിക്കുന്ന ചിത്രങ്ങൾക്ക് വിക്കിപീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുകയോ, ഈ വെബ് പേജിൽ കമന്റുകളായി ചേർക്കുകയോ ചെയ്യുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.